ഉത്തരം

(എ) ഗുണ്ട എന്ന പദം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യവിരുദ്ധരുടെ സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്. സാമൂഹ്യവിരുദ്ധരെ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ചും, കേസുകൾ രജിസ്റ്റർ ചെയ്തും, പ്രോസിക്യൂഷൻ നടപടികൾ കൈക്കൊണ്ടും കുറ്റവാളികളുടേയും കൂലിത്തല്ലുകാരുടേയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടേയും പേരിൽ സി. ആർ. പി. സി. 107, 109, 110 (ഇ ആന്റ് ജി) പ്രകാരം നല്ല നടപ്പിന് ജാമ്യം വെയ്ക്കുന്നതിലേക്ക് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ക്രൈം മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. സ്ക്വാഡുകൾ രൂപീകരിച്ചും എൽ. പി. കേസുകളിൽ പ്രതികളെ പിടികൂടിയും നിയമനടപടിക്ക് വിധേയമാക്കാറുണ്ട്.

(ബി)&(സി) സംഘടിതവും അല്ലാതെയുമുള്ള സാമൂഹ്യവിരുദ്ധരേയും സ്ഥിരം കുറ്റവാളികളേയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബ്ലേഡു സംഘങ്ങൾ, വാഹന ബ്രോക്കർമാർ, കെട്ടിട ബ്രോക്കർമാർ തുടങ്ങിയവരെക്കുറിച്ച് സമഗ്രമായി അന്വേഷണം നടത്തിവരുന്നു. ഇത്തരക്കാർക്കെതിരേയും അവരെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവർക്കെതിരേയും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുണ്ടകളുടേയും ഗുണ്ടാസംഘങ്ങളുടേയും ലിസ്റ്റ്

59 [1574] ശ്രീ. തോമസ് ഉണ്ണിയാടൻ :

" ജോസഫ് എം. പുതുശ്ശേരി :

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള ഗുണ്ടകളുടേയും ഗുണ്ടാസംഘാങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത ഗുണ്ടകളും ഗുണ്ടാസംഘങ്ങളും ഏതു തരം കുറ്റകൃത്യങ്ങളിലാണ് സാധാരണമായും ഏർപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗുണ്ടകളേയും ഗുണ്ടാസംഘങ്ങളേയും അമർച്ച ചെയ്യുവാൻ ഏറ്റവും അവസാനമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗുണ്ട എന്ന പദപ്രയോഗം നിയമ ദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സ്ഥിരം കുറ്റവാളികളുടേയും സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടേയും, മുമ്പ് ശിക്ഷ ലഭിച്ചിട്ടുള്ളവരുടേയും, കൂലിത്തല്ലുകാരുടേയും വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കൂലിത്തല്ല്, പിടിച്ചുപറി, കൊലപാതകം, കവർച്ച തുടങ്ങിയ കുറ്റകൃത്യങ്ങളിലാണ് ഇവർ സാധാരണ ഏർപ്പെടുന്നത്.

(സി) ജില്ലകളിൽ ഒരു ഡി. വൈ. എസ്. പി.യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡുകൾ രൂപീകരിച്ച്, ഇത്തരക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൽപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ റസിഡന്റ് അസോസിയേഷനുകളുമായി സഹകരിച്ചും നിയമം അനുശാസിക്കുംവിധം കേസുകൾ രജിസ്റ്റർ ചെയ്തും മറ്റു നിയമനടപടികൾ സ്വീകരിച്ചും വരുന്നു. ജില്ലാ സൂപ്രണ്ട് ഓഫീസുകളിൽ ക്രൈം സ്റ്റോപ്പർ സംവിധാനവും 'റോമിയോ' എന്ന സൈനോടുകൂടി ഇത്തരക്കാരുടെ ചലനങ്ങൾ കണ്ടെത്തി നിരീക്ഷിക്കുന്നതിനായി മോട്ടോർ ബൈക്കിൽ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഒരു പോലീസ് പോർട്ടലും പ്രവർത്തിച്ചുവരുന്നു. പോലീസ് സ്റ്റേഷന്റെ അധികാരാതിർത്തിയെ പല ബ്ലോക്കുകളായി തിരിച്ച് ബീറ്റ് സംവിധാനം ഏർപ്പെടുത്തി രാപകൽ ഭേദമെന്യേ പട്രോളിംഗും നടത്തുന്നുണ്ട്.

ആറ്റുകാൽ ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തെ ഫെസ്റ്റിവൽ ഏരിയ ആയി പ്രഖ്യാപിക്കാൻ നടപടി

60 [1575] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിന്റെ ഏതെല്ലാം വാർഡുകളെയാണ് ഫെസ്റ്റിവൽ ഏരിയ ആയി പ്രഖ്യാപിക്കുന്നത്;

(ബി) പൊങ്കാലയും ഉത്സവ ആഘോഷങ്ങളും നടക്കുന്ന എല്ലാ സ്ഥലവും ഉൾക്കൊള്ളത്തക്ക വിധത്തിൽ പ്രസ്തുത ഉത്സവത്തോടനുബന്ധിച്ച് ഫെസ്റ്റിവൽ ഏരിയ ആയി പ്രഖ്യാപിക്കുവാൻ നടപടിയെടുക്കുമോ;

(സി) അപ്രകാരം ചെയ്യാത്ത പക്ഷം അതിനുള്ള കാരണം എന്തെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly